(സി) ശ്രീമതി ഐ. ജ്യോതിക്ക് നൽകിയ നിയമന കത്തിൽ കൺസോളിഡേറ്റ് പേയും, അലവൻസുകളും ചേർത്ത് പ്രതിമാസം 6,000 രൂപ നൽകുമെന്നാണ് കാണിച്ചിരുന്നത്. ശ്രീമതി ജ്യോതിയുടെ അപേക്ഷ പ്രകാരം സ്റ്റൈപ്പന്റ് ഇല്ലാത്ത അപ്രന്റീസ് ആയിട്ട് പരിശീലനം നൽകുകയും തുടർന്ന് ലീവ് വേക്കൻസിയിൽ, കരാർ അടിസ്ഥാനത്തിൽ 6,000 രൂപ കൺസോളിഡേറ്റ് ശമ്പളത്തിൽ നിയമിക്കുകയുമാണുണ്ടായത്. കരാർ അടിസ്ഥാനത്തിൽ നിയമിച്ച മറ്റുള്ളവർക്ക് വേണ്ടത്ര പ്രവർത്തി പരിചയം ഉണ്ടായിരുന്നതിനാലാണ് അവർക്ക് ബേസിക് പേ കൂടാതെ മറ്റ് ആനുകൂല്യങ്ങൾകൂടി നൽകിയത്. ശ്രീമതി ജ്യോതിക്ക് നൽകിയ നിയമന കത്തിൽ പരിചയ സമ്പന്നരായവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ നൽകുന്ന അലവൻസുകൾ സംബന്ധിച്ച ഭാഗംകൂടി അധികമായി കംപ്യൂട്ടർ പ്രിന്റ് ഔട്ടിൽ ഉണ്ടായിരുന്നു. ഇപ്രകാരം സംഭവിച്ചത് പ്രസ്തുത ഭാഗം നോട്ടപിശകുമൂലം മാറ്റികളയാതിരുന്നതുമൂലമാണ്.

(ഡി) ജോലിചെയ്ത സമയത്ത് നിലവിലുള്ള ഗവൺമെന്റ് നിരക്കിലുള്ള ഡി. എ.-യും ബേസിക് പേയുടെ 10 ശതമാനം നിരക്കിലുള്ള എച്ച്. ആർ. എ.-യുമാണ് ശ്രീമതി ജ്യോതിക്ക് നൽകാതിരുന്ന അലവൻസുകൾ. മുൻ ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ശ്രീമതി ജ്യോതിക്ക് കൂടുതൽ അലവൻസുകൾ നൽകാൻ നിർവ്വാഹമില്ല.

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾ

116 [2085] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ഓരോ ഫാക്കൽറ്റിയിലേക്കും അനുവദിച്ച ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളുടെ എണ്ണം എത്ര;

(ബി) ഇപ്പോൾ എത്ര വിദ്യാർത്ഥികൾ ഓരോ ഫാൽക്കറ്റിലും പഠിക്കുന്നു എന്ന് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ;

(സി) 2001-2002,2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ഓരോ ഫാക്കൽറ്റിയിലും എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു;

(ഡി) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും കുറയുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ഓരോ ഫാക്കൽറ്റിയിലേക്കും അനുവദിച്ച ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

	ഫാക്കൽറ്റി			
	അഗ്രി	വെറ്ററിനറി	ഫിഷറീസ്	അഗ്രി എഞ്ചി നീയറിംഗ്
ഗ്രാജുവേറ്റ്	207	145	52	30
പോസ്റ്റ് ഗ്രാജുവേറ്റ്	169	82	14	15

(ബി) ഇപ്പോൾ അഗ്രി ഫാക്കൽറ്റിയിൽ 885 വിദ്യാർത്ഥികളും, വെറ്ററിനറി ഫാൽക്കറ്റിയിൽ 704 വിദ്യാർത്ഥികളും, ഫിഷറീസ് ഫാക്കൽറ്റിയിൽ 177 വിദ്യാർത്ഥികളും, അഗ്രിഎഞ്ചിനീയറിംഗ് ഫാക്കൽറ്റിയിൽ 98 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.

(സി) 2001-2002 മുതൽ 2003-2004 വരെ ഓരോ ഫാക്കൽറ്റിയിലും ഉണ്ടായിരുന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

	ഫാക്കൽറ്റി			
വർഷം	അഗ്രി	വെറ്ററിനറി	ഫിഷറീസ്	അഗ്രി എഞ്ചി നീയറിംഗ്
2001-2002	365	128	39	20
2002-2003	326	149	53	19
2003-2004	295	204	54	25

(ഡി) മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങി ഹയർ ഓപ്ഷൻ അനുസരിച്ച് മറ്റു കോഴ്സുകളിലേക്ക് അഡ്മിഷൻ ലഭിച്ച് കാർഷിക സർവ്വകലാശാലയിലെ കോഴ്സുകൾ ഉപേക്ഷിച്ച് പോകുന്നതുകൊണ്ടാണ് ഓരോ വർഷവും അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നത്.

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ടീച്ചിംഗ്— മിനിസ്റ്റീരിയൽ സ്റ്റാഫ്

117 [2086] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ അഗ്രികൾച്ചറൽ, ഫിഷറീസ്, വെറ്ററിനറി, അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് എന്നീ നാലു ഫാക്കൽറ്റികളിലായി അനുവദിച്ച സാംഗ്ഷൻഡ് ടീച്ചിംഗ് സ്റ്റാഫ് എത്രയാണ്;

(ബി) ഇപ്പോൾ നിലവിലുള്ള ടീച്ചിംഗ് സ്റ്റാഫ് എത്രയാണ്, ഓരോ ഫാക്കൽറ്റി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly